(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ

*336. [362] ശ്രീ. കെ. പി. രാമൻ :
, ഇ. ടി. മുഹമ്മദു ബഷീർ :
,, പി. സീതി ഹാജി :
,, പി. എം. അബൂബക്കർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ ഉണ്ട് ;

(ബി) അവയിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചവ ഏതെല്ലാം ;

(സി) പുതുതായി ആരംഭിച്ച വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ ആകെ വിസ്തീർണ്ണം എത്ര ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) രണ്ട് ദേശീയ ഉദ്യാനങ്ങൾ ഉൾപ്പെടെ 14 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ ഉണ്ട്.

(ബി) പേപ്പാറ, ചെന്തുരുണി, ചിന്നാർ, ചിമ്മിനി, ആറളം, തട്ടേക്കാട് എന്നീ 6 വന്യമൃഗ സങ്കേതങ്ങളും സൈലൻറ്വാലി ദേശീയോദ്യാനവും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചവയാണ്.

(സി) 333.76 ചതുരശ്ര കിലോമീറ്ററും സൈലൻറ്വാലി ദേശീയോദ്യാനത്തിൻറെ വിസ്തീർണ്ണം 89.5 ച. കിലോമീറ്ററും ആണ്.

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി

* 337. [363] ശ്രീ. വി. വി. ജോസഫ് :
,, ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയില്ലാത്ത എത്ര കുടുംബത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ വീടുവയ്ക്കാൻ സ്ഥലം നൽകിയിട്ടുണ്ട് ;

(ബി) ഈ വർഷം എത്രപേർക്ക് സ്ഥലം കൊടുക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) സ്വന്തമായി ഭൂമിയില്ലാത്ത 11039 കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ വീടുവയ്ക്കാൻ സ്ഥലം നൽകി.

(ബി) ഈ വർഷം 10000 പേർക്ക് സ്ഥലം കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly